## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4110** **20.03.2018 ൽ മറുപടിയ്ക്ക്**

## കൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) ധാന്യങ്ങൾ, പച്ചക്കറികൾ, ഫലങ്ങൾ ഉൾപ്പെടെയുള്ള കൃഷിയുടെ എല്ലാ മേഖലകളിലും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

എ) ഉണ്ട്. ധാന്യങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി നെൽകൃഷി വികസന പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. നെൽകൃഷി വികസന പദ്ധതി പ്രകാരം നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ മേൽത്തരം വിത്ത് ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾ ഉപയോഗിക്കുന്നതിന് ആനുകൂല്യം നൽകുന്നു.

പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി പ്രകാരം അട്ടപ്പാടി മേഖലയിൽ ചെറുധാന്യങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മേൽത്തരം വിത്ത് ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകുന്നു.

പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി വിള വിസ്തൃതിയോടൊപ്പം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിലും വീട്ടുവളപ്പിലും പച്ചക്കറി ഉത്പാദനത്തിനാവശ്യമായ ആനുകൂല്യം നൽകുന്നു. ഫെർട്ടിഗേഷനോടുകൂടിയ സൂക്ഷ്മ ജലസേചനം, മിനി പോളിഹൗസ് കൃഷിക്ക് പ്രോത്സാഹനം, ജൈവ നിയന്ത്രണ-

കാരികളുടെ ഉത്പാദനവും ഉപയോഗവും, സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ സോയിൽ അമിലിയോറൻസിന്റെ വിതരണം എന്നിവയ്ക്ക് ആനുകൂല്യം നൽകുന്നു.

വാഴപ്പഴം ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങളുടെ വികസനത്തിനായി കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതോടൊപ്പം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ വിതരണവും ഉൾപ്പെടുന്ന സമഗ്ര പദ്ധതി നടപ്പിലാക്കുന്നു.

കൂടാതെ എല്ലാ വിളകൾക്കും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ വിതരണം ചെയ്ത് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

നെല്ല്, പച്ചക്കറി, വാഴ എന്നീ വിളകളുടെ പ്രത്യേക കാർഷിക മേഖലകളിൽ വിത്ത് മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ശാസ്ത്രീയമായി സംയോജിപ്പിച്ചുകൊണ്ട് പരമാവധി ഉത്പാദനവും ഉത്പാദനക്ഷമത വർദ്ധനവും കൈവരിക്കുവാൻ ലക്ഷ്യമിടുന്നു.

| | |
|---|---|
| ബി) ഇവയുടെ സംഭരണത്തിനും വിപണനത്തിനും വിതരണത്തിനും എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; | ബി) നെല്ല് സംഭരണം സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. കർഷകർക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ന്യായവില നൽകി സപ്ലൈകോ കൃഷിയിടങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്നു. ചെറു ധാന്യങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും വിപണനത്തിനുമുള്ള വിവിധ ഘടകങ്ങൾ, പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സംയുക്ത പദ്ധതിയായ മില്ലറ്റ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.<br>പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം കർഷക വിപണികൾ ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷൻ, എ-ഗ്രേഡ് ക്ലസ്റ്ററുകൾ മുഖേന സ്ഥാപിച്ച് അതുവഴി പച്ചക്കറിയുടേയും പഴത്തിന്റേയും സംഭരണവും വിപണനവും സാധ്യമാക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ |

| | | |
|---|---|---|
| | | സഹായത്തോടെ കർഷക വിപണികൾ സ്ഥാപിച്ചും വിപണനം സാധ്യമാക്കുന്നു. ഇവ കൂടാതെ സർക്കാർ സ്ഥാപനങ്ങളായ വി.എഫ്.പി.സി.കെ യുടെ സ്വാശ്രയ സമിതികൾ മുഖേനയും ഹോർട്ടികോർപ്പ് മുഖേനയും പച്ചക്കറിയും പഴവർഗ്ഗങ്ങളും സംഭരിച്ച് വിപണനം ചെയ്യുന്നു. |
| സി) | പച്ചക്കറി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി അമ്പതിനായിരം ഏക്കറായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | സി) ഉണ്ട്. പച്ചക്കറി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി അമ്പതിനായിരം ഏക്കറിൽ കൂടുതലായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ